(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

18(1492) ശ്രീ. സ്റ്റീഫൻ ജോർജ്:

ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് സംസ്ഥാന ഗ്രാമവികസന വകുപ്പുവഴി നടപ്പാക്കിയതും ഇപ്പോൾ നിലവിലുള്ളതുമെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതികൾക്ക് എത്ര തുക വീതം കേന്ദ്ര വിഹിതം ലഭിച്ചു വെന്നും എത്ര തുക ഓരോ പദ്ധതിക്കും ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) ഈ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെ ഏജൻസികൾവഴിയാണ് നടപ്പിലാക്കുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1. സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ)

2. സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന സ്പെഷ്യൽ പ്രോജക്ട്

3. ഇന്ദിര ആവാസ് യോജന (ഐ.എ.വൈ)

4. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ)

5. ദേശീയ തൊഴിലിന് കൂലി ഭക്ഷണം പദ്ധതി (എൻ.എഫ്.എഫ്.ഡബ്ല്യു.പി)

6. പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന (പി.എം.ജി.എസ്.വൈ)

7. തരിശുഭൂമി വികസന പരിപാടി (ഐ.ഡബ്ല്യു.ഡി.പി)

8. ഹരിയാലി

9. സമ്പൂർണ്ണ ഗ്രാമീണ ശുചിത്വ പരിപാടി

10. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി (എൻ.ആർ.ഇ.ജി.പി)

(ബി) നടപ്പു സാമ്പത്തിക വർഷം ഓരോ പദ്ധതിക്കും കേന്ദ്രവിഹിതമായി ലഭിച്ച തുകയും ഓരോ പദ്ധതിയ്ക്കും കേന്ദ്ര സംസ്ഥാന വിഹിതം മുൻവർഷ നീക്കിയിരിപ്പ് ഉൾപ്പെടെ ആകെ ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി കൊടുത്തിരിക്കുന്നു.†

† അനുബന്ധം - IV

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന ഒഴികെയുള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ത്രിതല പഞ്ചായത്തുകൾക്കും പ്രധാന മന്ത്രിയുടെ ഗ്രാമ സഡക് യോജനയുടെ നടത്തിപ്പ് ചുമതല ജില്ലാ ഗ്രാമ വികസന ഏജൻസികളിലെ പ്രോഗ്രാം ഇംപ്ലിമെന്റിംഗ് യൂണിറ്റുകൾക്കുമാണ് നൽകിയിട്ടുള്ളത്.

## കേന്ദ്ര സർക്കാർ ഗ്രാമവികസന വകുപ്പുകളിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ

19(1493) ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് സംസ്ഥാന ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതികൾ വഴി നടപ്പ് സാമ്പത്തിക വർഷം എത്ര ഗ്രാമീണ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞു;

(സി) പ്രസ്തുത പദ്ധതികൾ വഴി എത്ര കിലോമീറ്റർ റോഡുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിലുള്ള മാനദണ്ഡങ്ങൾ സംസ്ഥാനത്തിന് യോജിച്ച രീതിയിൽ പരിഷ്ക്കരിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

### ഉത്തരം

(എ) 1. സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ)

2. സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന സ്പെഷ്യൽ പ്രോജക്ട്

3. ഇന്ദിര ആവാസ് യോജന (ഐ.എ.വൈ)

4. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ)

5. ദേശീയ തൊഴിലിന് കൂലി ഭക്ഷണം പദ്ധതി

6. പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന (പി.എം.ജി.എസ്.വൈ)

7. സമ്പൂർണ്ണ ഗ്രാമീന ശുചിത്വ പരിപാടി

8. തരിശുഭൂമി വികസന പരിപാടി (ഐ.ഡബ്ല്യു.ഡി.പി)

9. ഹരിയാലി

10. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 18(1492) കാണുക]

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | കേന്ദ്ര വിഹിതം | ചെലവഴിച്ച തുക സംസ്ഥാന വിഹിതം, മുൻവർഷ നീക്കിയിരുപ്പ് ഉൾപ്പെടെ (ലക്ഷത്തിൽ) |
|---|---|---|---|
| 1 | എസ്.ജി.എസ്.വൈ | 1797.82 | 1889.64 |
| 2. | എസ്.ജി.എസ്.വൈ. സ്പെഷ്യൽ | 242.00 | 139.76 |
| 3. | ഐ.എ.വൈ | 5169.27 | 5284.67 |
| 4 | എസ്.ജി.ആർ.വൈ | 8873.65 | 10827.08<br>121.14 |
| 5 | ദേശീയ തൊഴിലിന് കൂലി, ഭക്ഷണം പദ്ധതി (എൻ.എഫ്.എഫ്.ഡബ്ല്യു.പി) | ഈ വർഷം ഇതുവരെ തുകയൊന്നും ലഭിച്ചിട്ടില്ല | മുൻ വർഷം ലഭിച്ച തുകയിലെ നീക്കിയിരുപ്പിൽ നിന്ന് ചെലവഴിച്ച തുക |
| 6 | പ്രധാന മന്ത്രിയുടെ ഗ്രാമസഡക് യോജന (പി.എം.ജി.എസ്.വൈ) | 4241.00 | 1353.17 |
| 7 | സമ്പൂർണ്ണ ഗ്രാമീണ ശുചിത്വ പരിപാടി | 470.20 | 453.97 |
| 8 | തരിശുഭൂമി വികസന പരിപാടി | 156.55 | 233.28 |
| 9 | ഹരിയാലി | 382.64 | 43.18 |
| 10 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എൻ.ആർ.ഇ.ജി.പി) | 560.00 | 0.00 |

LIBRARY ARCHIVES Kerala Legislative Assembly